## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 497

**29.06.2015 - ലെ മറുപടിയ്ക്ക്**

## നികുതി വർദ്ധനവില്ലൂടെയല്ലാതെയുള്ള വരുമാനവർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ.കെ.എം.മാണി**<br>**ബഹു.ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) ഈ സർക്കാർ നികുതി വർദ്ധനവില്ലൂടെയല്ലാതെ ഏതെല്ലാം നിലയിൽ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്; | നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 23.09.2014 - ലെ ജി.ഒ.(പി)നം. 409/14/ധന ഉത്തരവ് മുഖേന വിദ്യാഭ്യാസം, ആരോഗ്യം വകുപ്പുകളിലൊഴികെയുള്ള എല്ലാ വകുപ്പുകളിലെയും സേവനങ്ങളുടെ ചാർജ്ജുകളും ഫീസുകളും 15 മുതൽ 50% വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (ബി) വിവിധ വകുപ്പുകളില്ലൂടെ വർധിപ്പിച്ച ഓരോ ഇനവും വർധിപ്പിച്ച നിരക്കും അതുവഴി പ്രതിവർഷം ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന വരുമാനവും സംബന്ധിച്ച് വിശദമാക്കാമോ? | 10 രൂപയ്ക്ക് താഴെയുള്ള ഫീസുകളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. മറ്റ് ഫീസുകളിൽ വരുത്തിയിട്ടുള്ള വർദ്ധനവ് താഴെപ്പറയും പ്രകാരമാണ്<br>10 രൂപയ്ക്കും 1000 രൂപയ്ക്കുമിടയിൽ - 50%<br>1000 രൂപയ്ക്കും 10000 രൂപയ്ക്കുമിടയിൽ - 25%<br>10000 രൂപയ്ക്ക് മുകളിൽ - 15%<br>ഈ വർദ്ധനവ് വഴി പ്രതിവർഷം ഏകദേശം 350 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**